മുദ്രകൾ

# നഗ്നശരീരം ഒപ്പിയെടുക്കുന്ന ബോഡി സ്കാനറുകൾ

**പ്രസിഡന്റ്** ബറാക് ഒബാമ സമ്മതം മൂളിയതോടെ അമേരിക്കയിലെ ഏതാണ്ടെല്ലാ വിമാനത്താവളങ്ങളിലും ബോഡി സ്കാനറുകൾ റെഡി. അമേരിക്ക ഏർപ്പെടുത്തിയ ഏറ്റവും ഒടുവിലത്തെ സുരക്ഷാ സംവിധാനം. ഈ യന്ത്രത്തിന്റെ മുമ്പിലൂടെ കടന്നുപോകുന്ന ഏതൊരു യാത്രക്കാരന്റെയും യാത്രക്കാരിയുടെയും നഗ്നശരീരം അത് ഒപ്പിയെടുക്കുന്നു. അത് ഫോട്ടോ നെഗറ്റീവ് പോലെ എന്തോ അവ്യക്തമായ രൂപമായിരിക്കും എന്ന് കരുതിയെങ്കിൽ തെറ്റി. നിങ്ങളുടെ ശരീരത്തിന്റെ തൊലിയുടെ നിറമടക്കം പുനഃസൃഷ്ടിക്കാൻ കഴിയുന്ന വിധത്തിലാണ് ഈ മുഴുശരീര സ്കാനറുകൾ (Full-body scanners) സ്ഥാപിച്ചിട്ടുള്ളത്.

കമ്പ്യൂട്ടറിൽ സൂക്ഷിച്ച ചിത്രങ്ങളെടുത്ത് ഏതൊരാളെയും ബ്ലാക്ക് മെയിൽ ചെയ്യാമെന്നർഥം. സ്കാൻ ചെയ്യപ്പെട്ട യാത്രക്കാരികളുടെ നഗ്ന ചിത്രങ്ങൾ ഇന്റർനെറ്റിൽ ഒഴുകി നടക്കുന്നത് സങ്കൽപിച്ചു നോക്കൂ. എത്ര ഭീകരമായിരിക്കും അവസ്ഥ! അതുകൊണ്ടുതന്നെ സകല മതനേതാക്കളും മനുഷ്യാവകാശ പ്രവർത്തകരും ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ള ഈ സംവിധാനത്തിനെതിരെ ശക്തമായി രംഗത്തുണ്ട്. നെതർലന്റ് പോലുള്ള യൂറോപ്യൻ രാജ്യങ്ങളും ഇത്തരം സ്കാനറുകൾ ഉപയോഗിക്കാൻ തുടങ്ങിയത് പ്രശ്നം രൂക്ഷമാക്കുന്നു.

"വ്യക്തിയുടെ മൗലികാവകാശങ്ങളിൽ ഗൗരവതരമായ കൈകടത്തൽ നടത്തുന്നു ഈ സംവിധാനം" യൂറോപ്യൻ യൂനിയൻ ലോ മേക്കേഴ്സ് എന്ന അഭിഭാഷക സംഘടന കുറ്റപ്പെടുത്തി. "ഇത് മനുഷ്യന്റെ അന്തസ്സിനെതിരെയുള്ള അതിക്രമമാണ്. ഈ യന്ത്ര സംവിധാനം നമ്മെ കൂടുതൽ സുരക്ഷിതരാക്കും എന്ന് കരുതുന്നത് മൗഢ്യമാണ്." യൂറോപ്യൻ പാർലമെന്റിൽ സോഷ്യലിസ്റ്റ് ബ്ലോക്കിന്റെ നേതാവായ മാർട്ടിൻ ഷൂൾസ് പറഞ്ഞു.



യന്ത്രം ടാർഗറ്റ് ചെയ്യുന്നത് ഏറെക്കുറെ അറബി-പാർസി -ഉർദു പേരുകാരെ മാത്രമായതിനാലാവാം ആഗോള മുഖ്യധാരയിൽ ഇതൊരു മനുഷ്യാവകാശ പ്രശ്നമായി ഉയർന്നുവരാതിരു

ന്നത്. ദ ഫിഖ്ഹ് കൗൺസിൽ ഓഫ് നോർത്ത് അമേരിക്ക (FCNA) എന്ന സംഘടന പുറത്തിറക്കിയ പത്രക്കുറിപ്പിൽ, ഈ സംവിധാനം ഇസ്‌ലാമിക അധ്യാപനങ്ങൾക്ക് വിരുദ്ധമാണെന്ന് വ്യക്തമാക്കുകയുണ്ടായി. "മനുഷ്യാന്തസ്സിന് വേണ്ടി നിലകൊള്ളുന്ന എല്ലാ മതങ്ങളും ഇതിനെ എതിർക്കും. ഇസ്‌ലാമിൽ ലജ്ജ വിശ്വാസത്തിന്റെ ഭാഗമാണ്. അന്യസ്ത്രീ പുരുഷന്മാരുടെ നഗ്ന ശരീരം മറ്റുള്ളവർ കാണാൻ പാടില്ല. ചികിത്സ, കുറ്റാന്വേഷണം പോലുള്ള അത്യാവശ്യ ഘട്ടങ്ങളിലല്ലാതെ. യാത്രികരുടെ സുരക്ഷ ഉറപ്പ് വരുത്തുന്ന നടപടികൾക്കൊന്നും തങ്ങൾ എതിരല്ല. യാത്രക്കാരന്റെ നഗ്ന ശരീരം പകർത്താതെ തന്നെ ശരീരത്തിൽ ഒളിപ്പിച്ചു വെച്ച എല്ലാ വസ്തുക്കളും കണ്ടെത്താൻ ഇന്ന് സംവിധാനമുണ്ട്. എന്നിട്ടും എന്തിന് ഇത്തരമൊരു പരിശോധന?" ഫിഖ്ഹ് കൗൺസിൽ ചോദിക്കുന്നു. ■

## മരണത്തുരങ്കങ്ങൾ

**കുറച്ചുകാലം** മുമ്പ് വരെ ഇസ്രയേലിന്റെ ഏറ്റവും വലിയ സുരക്ഷാ ഭീഷണി ഇൻതിഫാദ ആയിരുന്നു. ഇപ്പോൾ 'തുരങ്കങ്ങൾ' ആണത്രെ. കടുത്ത ഉപരോധമേർപ്പെടുത്തി ഇസ്രയേൽ സേന ശ്വാസം മുട്ടിക്കുന്ന ഗസ്സ എന്ന പ്രദേശത്തെ നിസ്സഹായരായ ജനങ്ങൾ ജീവൻ നിലനിർത്താനുള്ള അവശ്യ സാധനങ്ങൾ എത്തിക്കാൻ ഈജിപ്ത്-ഗസ്സ അതിർത്തിയിൽ തുരങ്കങ്ങൾ നിർമിക്കുന്നതാണ് ഏറ്റവും പുതിയ 'ഭീകരപ്രവർത്തനം'. 'ഭീകരന്മാർ' കടക്കുന്നത് തടയാൻ ഈജിപ്ത് സ്വന്തം അതിർത്തിയിൽ പത്ത് കിലോമീറ്റർ നീളത്തിൽ ഇരുമ്പ് മതിൽ കെട്ടാൻ പോകുന്നതായും കേൾക്കുന്നു.



എന്നാൽ തുരങ്കങ്ങൾ നിർമിക്കുന്നവരെക്കുറിച്ച് നാം എവിടെയും വായിക്കുന്നില്ല. അവരുടെ പച്ചയായ ജീവിതം ചിത്രീകരിക്കുന്ന മുപ്പത് മിനിറ്റുള്ള ഒരു ഡോക്യുമെന്ററി സിനിമ പുറത്തിറങ്ങിയിരിക്കുന്നു. അബ്ദുല്ല ഗൗൽ എന്ന ഫലസ്തീനി യുവ സംവിധായകന്റെതാണ് സിനിമ. ഞെട്ടലുളവാക്കുന്ന ഒരു പേരും കൊടുത്തിരിക്കുന്നു-'അസ്റാഈലിൽനിന്ന് ഒരു ടിക്കറ്റ്' (*തദ്കിറത്തുൻ മിൻ അസ്റാഈൽ*). തുരങ്കം പണിക്ക് പോകുന്നത് അസ്റാഈലിൽ (മരണത്തിന്റെ മലക്ക്)നിന്ന് ഒരു ടിക്കറ്റ് ചോദിച്ച് വാങ്ങുന്നതിന് തുല്യമാണെന്ന് ധ്വനി. അന്നന്നത്തെ അന്നം കണ്ടെത്താൻ ചെറുപ്പക്കാരായ തൊഴിൽ രഹിതരാണ് തുരങ്കം കുഴിക്കാനിറങ്ങുന്നത്. ആ ചെറുപ്പക്കാരുടെ വിവരണത്തിലൂടെയാണ് തുരങ്ക നിർമാണത്തിന്റെ അപകടങ്ങൾ നാം അറിയുന്നത്. തുരങ്കം കുഴിക്കാൻ സാധ്യതയുണ്ട് എന്ന് ഇസ്രയേൽ സേന സംശയിക്കുന്ന സ്ഥലങ്ങളിൽ അവർ കുഴിബോംബ് ഒളിപ്പിച്ച് വെക്കുമത്രെ. താഴെ തുരങ്കം പണി തുടങ്ങിയാൽ കുഴിബോംബ് പൊട്ടും. തുരങ്കത്തെ അത് ഇല്ലാതാക്കിക്കളയും; അതിനകത്ത് പണിയെടുക്കുന്നവരെയും. "ഈ തൊഴിലെന്നാൽ മരണമാണ്" തൊഴിലെടുക്കുന്ന ഒരു ചെറുപ്പക്കാരൻ നമ്മോട് പറയുന്നു. ■

# ഇമാം പരിശീലനത്തിന് ഹാർട്ട് ഫോർഡ് സെമിനാരി

**അമേരിക്കയിലെ** ക്രിസ്ത്യൻ കാത്തലിക് വിഭാഗം നടത്തുന്ന ഹാർട്ട് ഫോർഡ് സെമിനാരി സർവകലാശാല ഇമാമുമാർക്ക് പരിശീലന കോഴ്സ് സംഘടിപ്പിക്കുന്നു. 'അമേരിക്കൻ സമൂഹത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് സ്വന്തം മതത്തെ അവതരിപ്പിക്കാൻ അവരെ പ്രാപ്തരാക്കുക'യാണ് കോഴ്സിന്റെ ലക്ഷ്യം. മറ്റു ചില ക്രിസ്ത്യൻ സംഘടനകളും ഇതിൽ സഹകരിക്കും. തത്ത്വചിന്ത, ചരിത്രം, നരവംശ ശാസ്ത്രം, അമേരിക്കയിലെ സാമൂഹിക-ഭരണ സ്ഥാപനങ്ങൾ, ക്രൈസ്തവ-ഇസ്ലാമിക ബന്ധങ്ങൾ എന്നിവയാണ് സിലബസിലെ മുഖ്യ പഠന വിഷയങ്ങൾ. ഇസ്ലാമിക വിഷയങ്ങൾ കൈകാര്യം ചെയ്യുക ഇന്റർനാഷനൽ ഇസ്ലാമിക് ഫൗണ്ടേഷന്റെ മേൽനോട്ടത്തിലായിരിക്കും. ഈ സംഘടനക്ക് ഈജിപ്തിലെ ഇഖ്‌വാനുൽ മുസ്ലിമൂനുമായി ബന്ധമുണ്ടെന്ന് ആരോപിച്ച് ചില ക്രിസ്ത്യൻ സംഘടനകൾ രംഗത്തു വന്നിട്ടുണ്ട്.



■ ഹാർട്ട് ഫോർഡ് സെമിനാരി പ്രഫസർമാരായ ഡോ. ഇൻഗ്രിഡ് മാറ്റ്സൻ, ഡോ. യഹ്‌യ മിക്കോട്ട്, ആഗ്രോൻ ബെറ്റിക്ക, ഡോ. മഹ്മൂദ് അയ്യൂബ്

1833-ലാണ് ഹാർട്ട് ഫോർഡ് സെമിനാരി നിലവിൽ വന്നത്. ക്രൈസ്തവ പുരോഹിതന്മാർക്ക് അവരുടെ മതദർശനങ്ങളിൽ ആഴത്തിലുള്ള അറിവ് പകർന്നുകൊടുക്കുക എന്നതായിരുന്നു ലക്ഷ്യം. കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനത്തിൽ ഇതിന്റെ കവാടം മുസ്ലിംകൾക്ക് വേണ്ടിയും തുറക്കപ്പെട്ടു. മുസ്ലിം അധ്യാപകരും അവിടെ നിയമിതരായി. ഇസ്ലാമിക വിഷയങ്ങളുമായി ബന്ധപ്പെട്ട സിലബസ് തയാറാക്കാൻ 'ഇസ്ന', 'കെയർ' തുടങ്ങിയ അമേരിക്കൻ ഇസ്ലാമിക കൂട്ടായ്മകളെയാണ് സ്ഥാപനം ആശ്രയിക്കാറ്. ഫ്രാൻസിലെ കത്തോലിക്കാ ഫൗണ്ടേഷനും ഇതു പോലൊരു ഇമാം കോഴ്സ് 2007-ൽ തുടങ്ങിയിട്ടുണ്ട്. അതിന്റെ ചുവട് പിടിച്ചാണ് അമേരിക്കയിലെ പരിശീലന കോഴ്സ്. ഇത് എത്ര കാര്യക്ഷമവും നിഷ്പക്ഷവുമാണെങ്കിലും ഒരു കത്തോലിക്കാ സ്ഥാപനത്തിൽ നിന്ന് ഇമാം പരിശീലനം നടത്തിയവരെ പൊതുമുസ്ലിം സമൂഹം സംശയത്തോടെ കാണുമെന്നാണ് ഫ്രാൻസിലെ ഫത്‌വാ സമിതി അധ്യക്ഷൻ ഈനീസ് ഖർഖാഹിന്റെ അഭിപ്രായം. ■

# Islam4UK നിരോധം മനുഷ്യാവകാശ ലംഘനമെന്ന്

**ഇസ്ലാം** ഫോർ യു.കെ എന്ന സംഘടനയെ ബ്രിട്ടീഷ് ആഭ്യന്തര മന്ത്രാലയം കഴിഞ്ഞ ജനുവരി 14-നാണ് നിരോധിച്ചത്. ബ്രിട്ടീഷ് ഭീകരവിരുദ്ധ നിയമത്തിന്റെ പിൻബലത്തിലാണ് നിരോധം. നേരത്തേ മുഹാജിറൂൻ എന്നായിരുന്നു ഈ സംഘത്തിന്റെ പേര്. അത് നിരോധിച്ചപ്പോഴാണ് ഇസ്ലാം ഫോർ യു.കെ തുടങ്ങിയത്. സംഘടനയുടെ വെബ് സൈറ്റുകൾ അടച്ചു പൂട്ടിയിട്ടുണ്ട്. ഇവരെ സഹായിക്കുകയോ ഫണ്ട്

നൽകുകയോ ചെയ്യുന്നവർക്ക് പത്തു വർഷം വരെ തടവ് ലഭിക്കാം. അൻജം ചൗധരി എന്നൊരാളാണ് ഇതിന്റെ നേതാവ്.

വളരെ അടിയന്തര ഘട്ടത്തിൽ മാത്രം പ്രയോഗിക്കാനുള്ളതാണ് 2000–ൽ പാസ്സാക്കിയ ബ്രിട്ടീഷ് ഭീകരവിരുദ്ധ നിയമം. ഇതിൽ പറയുന്ന വ്യവസ്ഥകൾ പാലിക്കാതെയും കാരണങ്ങൾ വ്യക്തമാക്കാതെയും സംഘടനയെ നിരോധിച്ചു എന്നാണ് ആക്ഷേപം. ഇത് അഭിപ്രായ സ്വാതന്ത്ര്യത്തിന് നേരെയുള്ള വെല്ലുവിളിയാണെന്ന് ബ്രിട്ടീഷ് മുസ്‌ലിംകളുടെ പൊതുവേദികളിലൊന്നായ മുസ്‌ലിം കൗൺസിൽ ഓഫ് ബ്രിട്ടന്റെ സെക്രട്ടറി ജനറൽ ഡോ. മുഹമ്മദ് അബ്ദുൽ ബാരി പറഞ്ഞു. "ഇംഗ്ലീഷ് ഡിഫൻസ് ലീഗ് (ഇ.ഡി.എൽ) പോലെയുള്ള ഗ്രൂപ്പുകൾ അക്രമാസക്തമായ സമരങ്ങളാണ് നടത്താറുള്ളത്. അവർക്കൊന്നും നിയമം ബാധകമാകാറില്ല. അക്രമത്തിന്റെ പാത സ്വീകരിക്കാത്ത സംഘടനകൾക്കാണ് നിരോധ ഭീഷണി." വംശീയതയും ഇസ്‌ലാമോഫോബിയയും പ്രചരിപ്പിക്കുന്ന ബ്രിട്ടീഷ് നാഷ്നൽ പാർട്ടി പോലുള്ള സംഘടനകൾക്കും യാതൊരു വിലക്കുകളുമില്ല. മാത്രമല്ല, അത്തരം സംഘടനകൾ നാൾക്ക് നാൾ ജനപ്രീതി ആർജിച്ച് വരികയും ചെയ്യുന്നു. ബ്രിട്ടനിൽ നിരോധിക്കപ്പെട്ട 45 സംഘടനകളിൽ മിക്കതും ഇസ്‌ലാമിക കൂട്ടായ്മകളാണ്.

ഇസ്‌ലാംഫോർ യു.കെയുടെ പ്രവർത്തനങ്ങൾ ഒരു ബഹുസ്വര സമൂഹത്തിന് യോജിച്ചതല്ലെന്ന അഭിപ്രായവും ഉണ്ട്. "നിരോധിച്ചത് നന്നായി. ഇസ്‌ലാമിന്റെ പേര് വികൃതമാക്കുകയും സമൂഹങ്ങൾ തമ്മിൽ ബന്ധങ്ങൾ വഷളാക്കുകയുമാണ് അവർ ചെയ്യുന്നത്" വിൽഷെയർ ഇസ്‌ലാമിക് കൾചറൽ സെന്റർ സെക്രട്ടറി വലി റഹ്മാൻ പറഞ്ഞു. നിരോധം കൊണ്ട് ഒരു കാര്യവുമില്ലെന്നാണ് *ഗാർഡിയൻ* പത്രത്തിൽ തിമോർത്തി ഗാർട്ടൻ എഴുതിയത്. നേരത്തെ ചെയ്തതുപോലെ പുതിയൊരു സംഘടനയുമായി അൻജം ചൗധരി രംഗത്ത് വരുമെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ■

## ദാർഫോറിൽ സമാധാനത്തിന് തടസ്സം അമേരിക്ക-സയണിസ്റ്റ് ലോബി

**സമാധാനക്കരാറിൽ** ഒപ്പ് വെച്ച ശേഷം ഉമറുൽ ബഷീറും ഖലീൽ ഇബ്റാഹീമും കെട്ടിപ്പിടിച്ചു. സുഡാൻ പ്രസിഡന്റാണ് ഉമറുൽ ബഷീർ. സുഡാനിലെ കലാപ കലുഷമായ ദാർഫോർ മേഖലയിലെ ഏറ്റവും വലിയ വിമത ഗ്രൂപ്പായ ജസ്റ്റിസ് ആന്റ് ഈക്വാലിറ്റി പ്രസ്ഥാന(ജെ.ഇ.എം)ത്തിന്റെ നേതാവാണ് ഖലീൽ ഇബ്റാഹീം. ഖത്തർ തലസ്ഥാനമായ ദോഹയിൽ വെച്ചായിരുന്നു ഒപ്പ് വെക്കൽ. മനുഷ്യാവകാശലംഘനത്തിന്റെയും പട്ടിണി മരണങ്ങളുടെയും പേരിൽ പാശ്ചാ



■ ഉമറുൽ ബഷീറും ഖലീൽ ഇബ്റാഹീമും

ത്യലോകം പ്രതിക്കൂട്ടിൽ നിർത്തുന്ന ഉമറുൽ ബഷീറിന് ഒരുപാട് പ്രതീക്ഷകൾ നൽകുന്നുണ്ട് ഈ സമാധാന കരാർ. ദാർഫോർ കലാപങ്ങളിൽ മൂന്ന് ലക്ഷം പേർ കൊല്ലപ്പെട്ടുവെന്നും രണ്ടര ദശലക്ഷം പേർ കുടിയിറക്കപ്പെട്ടു എന്നുമാണ് ഐക്യരാഷ്ട്ര സഭ പറയുന്നത്. മൊത്തം പതിനായിരം പേരേ മരിച്ചിട്ടുള്ളൂ എന്ന് സുഡാൻ തിരിച്ചും വാദിക്കുന്നു. ഒരു സ്വതന്ത്രാന്വേഷണത്തിന് ഇതുവരെ ആരും തയാറായിട്ടില്ല.

ഭരണത്തിലും ഉദ്യോഗതലങ്ങളിലും സൈന്യത്തിലുമെല്ലാം ജെ.ഇ.എമ്മിന് മതിയായ പ്രാതിനിധ്യം നൽകാമെന്ന് ഉമറുൽ ബഷീർ സമ്മതിച്ചിട്ടുണ്ട്. ദാർഫോറിൽ കലാപം നടത്തുന്ന ചെറുതും വലുതുമായ ഇരുപതോളം ഗ്രൂപ്പുകളെക്കൂടി സമാധാന പ്രക്രിയയിലേക്ക് കൊണ്ടുവന്നാലേ കരാർ ഫലവത്താവൂ. എന്നാൽ ഈ ഗ്രൂപ്പുകളിൽ ചിലതിന് ഇസ്രയേലും അമേരിക്കയുമാണ് ഫണ്ട് നൽകുന്നത്. അവർ യജമാനന്മാരെ തൃപ്തിപ്പെടുത്താൻ അവിടെ കുഴപ്പങ്ങളുണ്ടാക്കിക്കൊണ്ടിരിക്കും. അബ്ദുൽ വാഹിദ് നൂർ എന്നൊരാൾ നേതൃത്വം നൽകുന്ന ഗ്രൂപ്പ് ഇതിൽപെട്ട ഒന്നാണ്. തെൽഅവീവുമായും ഫ്രഞ്ച് രഹസ്യാന്വേഷണ വിഭാഗവുമായും ഇയാൾക്ക് അടുത്ത ബന്ധമുണ്ട്. സമാധാനക്കരാർ തള്ളിക്കളഞ്ഞ ബഹ്ർ ഇദ്‌രീസ് അബൂഖിർദയുടെ ഗ്രൂപ്പി(മേഖലയിലെ ഏറ്റവും ശക്തമായ സായുധ ഗ്രൂപ്പ്)നും ചില വിദേശ രാജ്യങ്ങളുടെ സഹായമുണ്ട്. സമാധാനക്കരാറിന് ഇവരാണ് ഏറ്റവും വലിയ ഭീഷണി. കരാർ ഒപ്പുവെച്ച ജെ.ഇ.എം നേതാവ് ഇസ്‌ലാമിസ്റ്റും നേരത്തേ ഹസൻ തുറാബിയുടെ അനുയായിയുമായിരുന്നു.

എന്തു വില കൊടുത്തും ഐക്യസുഡാൻ നിലവിൽ വരുന്നത് തടയുക എന്നതാണ് അമേരിക്കയുടെ ലക്ഷ്യം. സുഡാനിലെ എണ്ണ സമ്പത്തിലാണ് അമേരിക്കയുടെ കണ്ണ്. തെക്കൻ സുഡാനെയും ദാർഫോറിനെയും വേർപ്പെടുത്തിയാലേ ഈ ലക്ഷ്യം നേടാനാവൂ. ദുരിതാശ്വാസത്തിന്റെ മറവിൽ പാശ്ചാത്യ എൻ.ജി.ഒകൾ ദാർഫോറിൽ അട്ടിമറി പ്രവർത്തനം നടത്തുന്നുവെന്ന് കണ്ടെത്തിയ ഉമറുൽ ബഷീർ അവയിൽ ചിലതിനെ നാട്ടിൽനിന്ന് പുറത്താക്കിയിരുന്നു. അവയെ തിരിച്ചുകൊണ്ടുവരണമെന്ന് പറഞ്ഞ് അമേരിക്ക കലമ്പൽ കൂട്ടുകയാണ്. എല്ലാ സമാധാന ശ്രമങ്ങളെയും അട്ടിമറിക്കുന്നത് അമേരിക്ക-ഇസ്രയേൽ ലോബിയാണെന്നത് പകൽ പോലെ വ്യക്തമായ കാര്യം. ■

### മരണം

## മഹ്ഫൂള് റഹ്മാൻ

**മുതിർന്ന** പത്രപ്രവർത്തകനും *ദഅ്‌വത്ത്* ഉർദു ത്രൈദിന പത്രത്തിന്റെ മുൻ എഡിറ്ററുമായ മഹ്ഫൂള് റഹ്മാൻ (75) അന്തരിച്ചു. അഅ്സംഗഢ് സ്വദേശിയാണ്. ഓൾഡ് ദൽഹിയിലായിരുന്നു താമസം. 1970 മുതൽ '73 വരെ *ദഅ്‌വത്തി*ന്റെ അസി. എഡിറ്ററായിരുന്നു. കുറച്ച് കാലം വിട്ടുനിന്ന ശേഷം 1981-ൽ അദ്ദേഹം വീണ്ടും *ദഅ്‌വത്തിൽ* എത്തി. അന്നത്തെ എഡിറ്റർ മുഹമ്മദ് മുസ്‌ലിം മരണപ്പെട്ടതിനെത്തുടർന്ന് 1982-ൽ അദ്ദേഹം *ദഅ്‌വത്തി*ന്റെ എഡിറ്ററായി. 1986 വരെ ചുമതലയിൽ തുടർന്നു.ദേശീയ പ്രശ്നങ്ങളിൽ അദ്ദേഹത്തിന് ആഴത്തിലുള്ള അറിവും ഉൾക്കാഴ്ചയുമുണ്ടായിരുന്നു. ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അമീർ ജലാലുദ്ദീൻ അൻസ്വർ ഉമരി, ശാഹി ഇമാം സയ്യിദ് അഹ്മദ് ബുഖാരി, മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് ഉപാധ്യക്ഷൻ മുഹമ്മദ് സാലിം ഖാസിമി, *ദഅ്‌വത്ത്* എഡിറ്റർ പർവേസ് റഹ്മാനി തുടങ്ങിയവർ മരണത്തിൽ അനുശോചിച്ചു. ■

# മൗലാനാ നസീർ അഹ്മദ് ഖാൻ

**ദാറുൽ** ഉലൂം ദയബൂന്ദ് ശൈഖുൽ ഹദീസും ഡെപ്യൂട്ടി റക്ടറും ആയിരുന്ന പ്രശസ്ത ഇസ്‌ലാമിക പണ്ഡിതൻ മൗലാനാ നസീർ അഹ്മദ് ഖാൻ (92) അന്തരിച്ചു. 1937–ൽ പത്തൊമ്പതാം വയസ്സിൽ ദാറുൽ ഊലും അധ്യാപകനായി ചേർന്ന അദ്ദേഹം 71 വർഷം അവിടെ സേവനമനുഷ്ഠിച്ചു. 1918–ൽ ഉത്തർപ്രദേശിലെ ബുലന്ദ് ശഹർ ജില്ലയിലെ പണ്ഡിത കുടുംബത്തിലാണ് ജനനം. ഒന്നര വർഷം മുമ്പ് ആരോഗ്യ കാരണങ്ങളാൽ അദ്ദേഹം സ്ഥാനമൊഴിയുമ്പോൾ ദാറുൽ ഉലൂം ശൈഖുൽ ഹദീസും ഡെപ്യൂട്ടി റക്ടറുമായിരുന്നു. ദാറുൽ ഉലൂം പ്രിൻസിപ്പൽ സ്ഥാനവും അദ്ദേഹം വഹിച്ചിട്ടുണ്ട്. ലളിതവും ആകർഷകവുമായിരുന്നു അദ്ദേഹത്തിന്റെ അധ്യാപനരീതി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനമനുഷ്ഠിക്കുന്ന 2,80,000ലധികം വരുന്ന ശിഷ്യന്മാർ ഈ കാലയളവിൽ അവിടെ നിന്ന് പഠനം പൂർത്തിയാക്കിയിട്ടുണ്ട്. ■